# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2346 — 09.12.2014-ലെ മറുപടിയ്ക്ക്

### ഇന്ധന നികുതിയിനത്തിൽ ഒഴിവാക്കിയ തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ്<br>ഡോ.എൻ. ജയരാജ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>,, റോഷി അഗസ്റ്റിൻ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) |
| എ | ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം എണ്ണക്കമ്പനികൾ ഇന്ധന വിലയിൽ എത്ര തവണ വർദ്ധനവ് വരുത്തിയെന്ന് വ്യക്തമാക്കുമോ; | എ | ഈ സർക്കാർ അധികാരത്തിൽ വന്നതിനു-ശേഷം ഇതുവരെ പെട്രോളിന്റെ അടിസ്ഥാന-വിലയിൽ എണ്ണക്കമ്പനികൾ 18 തവണയും, ഡീസലിന് ഇതുവരെ 21 തവണയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. |
| ബി | ഇപ്രകാരം ഇന്ധന വിലയിൽ വർദ്ധന വരുത്തുക വഴി നികുതി ഇനത്തിൽ സംസ്ഥാനത്തിനു ലഭിക്കുമായിരുന്ന വരുമാനം എത്ര തവണ ഒഴിവാക്കിയെന്ന് വ്യക്തമാക്കുമോ; | ബി | ഈ സർക്കാർ അധികാരത്തിൽ വന്നതിനു-ശേഷം ഇതു വരെ പെട്രോളിന്റെ അടിസ്ഥാന-വിലയിൽ എണ്ണക്കമ്പനികൾ 18 തവണ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇതിൽ നാല് തവണ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതിനിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന് ഇതുവരെ 21 തവണ അടിസ്ഥാന വിലയിൽ വർദ്ധനവ് വരുത്തിയപ്പോൾ രണ്ട് തവണ നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. |
| സി | ഇപ്രകാരം നികുതി ഒഴിവാക്കുക വഴി ഖജനാവിന് എത്ര തുകയുടെ വരുമാന നഷ്ടമാണ് പ്രതിവർഷം ഉണ്ടായത്; വ്യക്തമാക്കുമോ? | സി | പെട്രോൾ, ഡീസൽ എന്നിവയ്ക്ക് എണ്ണക്കമ്പനികൾ വിൽക്കുന്ന വിലയുടെ ഒരു നിശ്ചിത ശതമാനമാണ് (ad valorem) നികുതിയായി നിശ്ചയിക്കുന്നത്. അല്ലാതെ ലിറ്ററിനുമേൽ വില എന്തുതന്നെയായാലും ഒരു നിശ്ചിത തുക-യായിട്ടല്ല നികുതി ചുമത്തുന്നത്. ഇപ്രകാരം ad valorem അടിസ്ഥാനത്തിൽ നികുതി ചുമത്തുമ്പോൾ അടിസ്ഥാനവില കുറയുമ്പോൾ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിയിലും കുറവുണ്ടാകും. അതേ പോലെ തന്നെ അടിസ്ഥാനവില കൂടുമ്പോൾ ലഭിക്കേണ്ട നികുതിയിൽ വർദ്ധനവുണ്ടാവുകയും ചെയ്യും. എണ്ണക്കമ്പനികൾ/ കേന്ദ്രസർക്കാർ വില കൂട്ടുമ്പോഴും കുറയ്ക്കുമ്പോഴും ഇത്തരം വ്യതിയാനം ഉണ്ടാകുന്നു.<br>വില വർദ്ധനവിന്റെ തോത് കൂടുതലായിട്ടുള്ള അവസരങ്ങളിൽ അത് റീട്ടെയിൽ വിലയിലു-ണ്ടാക്കുന്ന ഭാരം ലഘുകരിക്കുവാനായി ലഭിക്കുമായിരുന്ന അധിക നികുതി വേണ്ടെന്ന് |

വച്ചുകൊണ്ട് നികുതി നിരക്ക് കുറച്ച് ക്രമീകരണം നടത്താറുണ്ട്. അതു പോലെ വിലക്കുറവിന്റെ തോത് കൂടുതലായ അവസരങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരുമാനം നിലനിർത്തുന്നതിനായി നികുതി നിരക്കിൽ വർദ്ധനവും വരുത്തിയിട്ടുണ്ട്. അതിനാൽ കൂടുതൽ നികുതിപിരിക്കുക എന്ന ലക്ഷ്യത്തോടെയല്ല നികുതിനിരക്ക് ഉയർത്തുന്നത്.

മുൻപറഞ്ഞ പ്രകാരം വിലവർദ്ധനവുമൂലം ലഭിക്കുമായിരുന്ന അധിക നികുതി വേണ്ടെന്നു വച്ചുകൊണ്ട് നികുതി നിരക്കിൽ കുറവു വരുത്തിയ വിവരങ്ങൾ താഴെ നൽകിയിരിക്കുന്നു.

**<u>പെട്രോൾ</u>**

| വില വർദ്ധിപ്പിച്ച തീയതി | അടിസ്ഥാന വിലയിൽ ഉണ്ടായ വർദ്ധനവ് (വില ലിറ്ററിൽ) | അധിക നികുതി ആയി ലഭിക്കു മായിരുന്ന പ്രതി മാസ വരുമാനം |
|---|---|---|
| 14/05/11 | 5.00 | 11.00 |
| 16/09/11 | 3.14 | 9.08 |
| 03/11/11 | 1.82 | 5.10 |
| 24/05/12 | 6.28 | 22.48 |

**<u>ഡീസൽ</u>**

| വില വർദ്ധിപ്പിച്ച തീയതി | അടിസ്ഥാന വിലയിൽ ഉണ്ടായ വർദ്ധനവ് (വില ലിറ്ററിൽ) | അധിക നികുതി ആയി ലഭിക്കു മായിരുന്ന പ്രതി മാസ വരുമാനം |
|---|---|---|
| 25/06/11 | 3.00 | 13.07 |
| 14/09/12 | 5.00 | 19.95 |

സെക്ഷൻ ഓഫീസർ